# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4016 — 24/8/2017 -ലെ മറുപടി

## കുളക്കട-പവിത്രേശ്വരം കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. പി.അയിഷാ പോറ്റി | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുളക്കട-പവിത്രേശ്വരം കുടിവെള്ള പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്; | (എ) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കുളക്കട-പവിത്രേശ്വരം കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടം ഭാഗികമായ വിതരണശൃംഖലയടക്കം ഇതിനകം പൂർത്തിയാക്കി കഴിഞ്ഞു. പദ്ധതിയുടെ രണ്ടാം ഘട്ടമായി കുളക്കട-പവിത്രേശ്വരം എന്നി പഞ്ചായത്തുകളിൽ ശേഷിക്കുന്ന വിതരണശൃംഖല സ്ഥാപിക്കുന്നതിനായുള്ള ഒരു പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ; | (ബി) കുളക്കടയിൽ ഏകദേശം 150 കി.മീ. വിതരണശൃംഖലയും പവിത്രേശ്വരം പഞ്ചായത്തിൽ 67 കി.മീ. വിതരണ ശൃംഖലയും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി. പവിത്രേശ്വരം പഞ്ചായത്തിൽ നിലവിലുള്ള 13 കി.മീ. എ.സി. പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി എന്നിവയാണ് പൂർത്തീകരിക്കാൻ അവശേഷിക്കുന്നത്. |
| (സി) മൈലം-തലവൂർ കുടിവെള്ള പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ? | (സി) മൈലം-തലവൂർ കുടിവെള്ള പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. പൂക്കുന്നമല ഉപരിതലസംഭരണിയിൽ നിന്നും ആക്കാവിള ഉപരിതലസംഭരണിയിലേക്ക് 200 mm DI പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി (70 ശതമാനം പൂർത്തീകരിച്ചു). പി.ഡബ്ല്യൂ.ഡി റോഡിൽ പൈപ്പ് സ്ഥാപിക്കുന്നതിന് നിയന്ത്രണം ഇല്ലാതിരുന്നാൽ 31/10/2017-നകം പൂർത്തീകരിക്കാനാകുമെന്ന പ്രതീക്ഷിക്കുന്നു. |

2. മൈലം പഞ്ചായത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി - മൈലം പഞ്ചായത്തിലെ 81 കി.മീ. വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയും പട്ടാഴി-പട്ടാഴി വടക്കേക്കര, തലവൂർ എന്നീ പഞ്ചായത്തുകളിൽ ശേഷിക്കുന്ന വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയും ഉൾപ്പെടുത്തി 58.07 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

JSK/